# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *356 — 16.12.2014-ൽ മറുപടിക്ക്

### ഭവനരഹിതർക്ക് ഭവനം നിർമ്മിച്ചു നൽകുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, എ. കെ. ബാലൻ:<br>,, പുരുഷൻ കടലുണ്ടി:<br>,, ജെയിംസ് മാത്യു: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) രാജ്യത്തെ മുഴുവൻ ഭവനരഹിതർക്കും അഭയമൊരുക്കണമെന്ന സുപ്രീം കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സംസ്ഥാനത്തെ ഭവനരഹിതരുടെ ഏതെങ്കിലും തരത്തിലുള്ള സർവ്വേ സർക്കാർ നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (ബി) ലാന്റ് റവന്യൂ കമ്മീഷണറുടെ 26.11.2013- ലെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 4,70,606 കുടുംബങ്ങൾ ഉണ്ട്. വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) ഭവനരഹിതരായ ആദിവാസികൾ അടക്കം മുഴുവൻ ഭവനരഹിതർക്കും ഭവന നിർമ്മാണം നടത്തുന്നതിന് മറ്റു വകുപ്പുകളുടെ കൂടി ഏകോപനത്തോടെ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി കണക്കാക്കപ്പെട്ട ആകെ ചെലവെത്ര; വിവിധ സ്കീമുകളിൽ എന്തു തുക വകയിരുത്തപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (സി) വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| District | No. of houseless people with land | No. of houseless people without land |
|---|---|---|
| Tiruvanathapuram | 22837 | 33229 |
| Kollam | 25336 | 16776 |
| Alappuzha | 32887 | 8329 |
| Pathanamthitta | 12335 | 6727 |
| Idukki | 36732 | 12525 |
| Kottayam | 13301 | 10186 |
| Ernakulam | 34748 | 15984 |
| Trissur | 17282 | 11146 |
| Palakkad | 12194 | 32505 |
| Malappuram | 20923 | 9627 |
| Wayanad | 24144 | 5866 |
| Kozhikkode | 15937 | 6222 |
| Kannoor | 13643 | 4746 |
| Kasargode | 9097 | 5342 |
| **Total** | **291396** | **179210** |

## അനുബന്ധം 2

### പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതി

വയനാട് ജില്ലയിലെ പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി 270 വീടുകളുടെ നിർമ്മാണം പട്ടിക വർഗ്ഗ വകുപ്പുമായി ഏകോപിച്ച് 2006-07 കാലഘട്ടത്തിൽ ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുകയുണ്ടായി. വീടൊന്നിന് 90000/- രൂപ വീതമാണ് അനുവദിച്ചിരുന്നത്. ടി പദ്ധതി പ്രകാരം ബോർഡ് ഏറ്റെടുത്ത 270 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ട്രൈബൽ ഡിപ്പാർട്ടുമെന്റിന് കൈമാറിയിട്ടുണ്ട്.

### സാഫല്യം ഭവന പദ്ധതി

സമൂഹത്തിലെ ഭൂ-ഭവനരഹിതരായ ദുർബ്ബല വിഭാഗത്തിൽപ്പെട്ട ബി.പി.എൽ വിഭാഗക്കാർക്ക് സബ്സിഡിയോടുകൂടി പഞ്ചായത്തുമായി സഹകരിച്ച് ഭവന നിർമ്മാണ ബോർഡ് മുഖേന ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലൂടെ ലഭ്യമായ 1 കോടി രൂപയും 2013-14 വർഷത്തെ ബഡ്ജറ്റിലൂടെ ലഭ്യമായ 5 കോടി രൂപയും വിനിയോഗിച്ച് ബോർഡ് താഴെപറയുന്ന സ്ഥലങ്ങളിൽ 216 ഫ്ലാറ്റുകൾ നിർമ്മിച്ച് വരുന്നു.

1) കൊല്ലം - ചാത്തന്നൂർ - 48 ഫ്ളാറ്റുകൾ
2) എറണാകുളം - ചോറ്റാനിക്കര - 54 ഫ്ളാറ്റുകൾ
3) തൃശ്ശൂർ - പുതുക്കാട് - 48 ഫ്ളാറ്റുകൾ
4) കോഴിക്കോട് - ചേളന്നൂർ - 66 ഫ്ളാറ്റുകൾ

2014-15 സാമ്പത്തിക വർഷത്തെ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപ സബ്സിഡിയായി വിനിയോഗിച്ച് 500 ഫ്ലാറ്റുകൾ നിർമ്മിക്കാവുന്നതാണ്. ഇതിൽ എറണാകുളം ഇലഞ്ഞി പഞ്ചായത്തിൽ 48 ഫ്ലാറ്റുകളും, പാലക്കാട് ലക്കിടി പേരൂർ പഞ്ചായത്തിൽ 66 ഫ്ലാറ്റുകളും നിർമ്മിക്കാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഊരകം പഞ്ചായത്തിൽ 48 ഫ്ലാറ്റുകളും കാസർഗോഡ് ജില്ലയിൽ ചെമ്മനാട് പഞ്ചായത്തിൽ 24 ഫ്ലാറ്റുകളും നിർമ്മിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു.